പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1781

05.12.2014-ൽ
മറുപടിക്ക്

## വയലാർ പട്ടികജാതി കോളനിയിലെ കുടിവെള്ള പ്രശ്നം

ചോദ്യം

ശ്രീ.പി.തിലോത്തമൻ

ഉത്തരം

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

എ) വയലാർ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കോളനികളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് നിലവിലുള്ള പദ്ധതി പ്രകാരമുള്ള തുക മുൻകൂറായി നൽകി കുടിവെള്ളത്തിന്റെ കണക്ഷൻ എടുക്കാൻ അനുവദിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

ബി) ഇപ്രകാരം മുൻകൂറായി പണം നൽകി കുടിവെള്ളം എത്തിക്കുന്നതിന് എന്ത് തടസ്സമാണുള്ളത് എന്ന് വ്യക്തമാക്കുമോ;

സി) വയലാർ പഞ്ചായത്തിലെ പട്ടിക വിഭാഗക്കാർ അനുഭവിക്കുന്ന രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ ഇവർക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതി പ്രകാരമുള്ള തുക മുൻകൂറായി നൽകാനും അത് അടിയന്തരമായി അനുവദിക്കാനും നടപടി സ്വീകരിക്കുമോ ?

എ), ബി) & സി)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണത്തിലും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം "സബ്സിഡി" അഡ്വാൻസായി നൽകാവുന്നതല്ല. കുടിവെള്ള ഗാർഹിക കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും സബ്സിഡി തുക നൽകാവുന്നതാണ്. കോൺട്രാക്ടർക്കോ ഗുണഭോക്തൃ സമിതിക്കോ തുക നൽകാവുന്നതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ